കേരളാ കൃഷി വകുപ്പ്
ദർഘാസ് പരസ്യം

നമ്പർ. എ.ഇ.(2)781/17

തീയതി.02/02/2018

കേരളാഗവർണർക്കുവേണ്ടി കൊല്ലം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ താഴെ പറയുന്ന പ്രവർത്തികൾക്കൾക്ക് അംഗീകൃത കരാറുകാരിൽനിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു.
കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 06/03/2018 വൈകുന്നേരം 3.00 മണിവരെ ഈ ആഫീസിൽ വിൽക്കുന്നതും 07/03/2018 രാവിലെ 11 മണി വരെ സ്വീകരിക്കുന്നതും ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ അന്നേദിവസം വൈകുന്നേരം 3 മണിക്ക് തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരതദ്രവ്യം | ടെണ്ടർഫാറത്തിന്റെ വില | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1, | അഞ്ചൽ ജില്ലാ കൃഷി ഫാമിലെ ഷെയ്ഡ് ഹൗസിന്റെ അറ്റകുറ്റപ്പണി 1,45,457/- | 3,640/- | 500 + GST | 6 മാസം |
| 2. | കടയ്ക്കൽ സീഡ് ഫാമിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ 2,00,000/- | 5,000/- | 500 + GST | 6 മാസം |
| 3. | കരുനാഗപ്പള്ളി കോക്കനട്ട് നഴ്സിറിയിൽ പോൾട്രി ഷെഡ്ഡ് നിർമ്മാണവും മത്സ്യ വളർത്തലിനായി കുളം നവീകരണവും 4,60,000/- | 11,500/- | 920 + GST | 6 മാസം |
| 4. | കൊട്ടാരക്കര സീഡ് ഫാമിലെ ഷെയ്ഡ് ഹൗസിന്റെ അറ്റകുറ്റപ്പണി 2,40,000/- | 6,000/- | 500 + GST | 6 മാസം |

(P.T.O)

| | | | | |
|---|---|---|---|---|
| 5. | അഞ്ചൽ കൃഷി ഫാമിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ<br><br>4,00,000/- | 10,000/- | 800 + GST | 6 മാസം |

ദർഘാസ് പ്രമാണം കൊല്ലം കുരീപ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽനിന്നും 06/03/2018 വൈകുന്നേരം 3 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവിശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചിത ചരക്ക് സേവന നികുതുയടക്കം ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് ചരക്ക് സേവന നികുതിയടക്കം പ്രത്യേകവില അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ(കൃഷി) എന്ന പേരിലടച്ച് നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്തും താമസിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ദർഘാസിനോടൊപ്പം പ്രാഥമിക 100.00 രൂപാ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്. പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ(കൃഷി),
കൊല്ലം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനിയർ (കൃഷി)റുടെ കാര്യാലയം.
കാവനാട്, പി.ഒ. കൊല്ലം.-3
Jk